# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

(ടെലിഫോൺ:04872371931)

## എറണാകുളം

E mail: kauagmet@yahoo.co.in, cohagmet@kau.in

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 32/15, വെള്ളിയാഴ്ച്ച** **തീയ്യതി 07.08.2015**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 08.08.2015 | 09.08.2015 | 10.08.2015 | 11.08.2015 | 12.08.2015 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 6 | 15 | 34 | 17 | 31 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| 24മേഘവ്യാപ്തി (ഒക്ട) | 5 | 6 | 8 | 6 | 8 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 008 | 010 | 010 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 290 | 320 | 290 | 290 | 290 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വളർച്ച-പരിപാലന ഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | തണ്ടുതുരപ്പൻ | ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രാമ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പല ഭാഗങ്ങളിൽ ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക അല്ലെങ്കിൽ 2 മി.ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| | മഞ്ഞളിപ്പ് | അന്തരീക്ഷ ആർദ്രത കൂടിയതിനാൽ നെല്ലിൽ പോളരോഗം, പോളഅഴുകൽ, ബാക്ടീരിയ മൂലമുള്ള കരിച്ചിൽ എന്നിവക്കു സാധ്യതയുണ്ട്. 2.5 കിലോ സ്യൂഡോമോണാസ് ഫ്ളൂറസൻസ് ഒരു ഹെക്ടറിന് എന്ന തോതിൽ വിതറി കൊടുക്കുക. |
| തെങ്ങ് | **ചെന്നീ**രൊലിപ്പ് | **ചെന്നീ**രൊലിപ്പ് നിയന്ത്രിക്കുവാൻ, രോഗം ബാധിച്ച ഭാഗം മുഴുവൻ ചുരണ്ടി കളഞ്ഞ് മുറിവിൽ 5% വീര്യമുള്ള ട്രൈഡെമോർഫ് പുരട്ടുക. 2 ദിവസത്തിനു ശേഷം കോൾടാർ പൂശണം. ചുരണ്ടി എടുത്ത ഭാഗം തീയിട്ടു നശിപ്പിക്കുക. |
| വാഴ | ഇലതീനിപ്പുഴു | ഇവയെ നിയന്ത്രിക്കാനായി 2 മി.ല്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| ജാതി | ഇല കൊഴിച്ചിൽ | മഴക്കാലത്ത് ഇല കൊഴിച്ചിൽ വരാൻ സാധ്യതയുണ്ട്. 1% ബോർഡോ മിശ്രിതം തളിക്കുക. |
| പച്ചക്കറികൾ വിവിധ ഘട്ടങ്ങൾ | കായീച്ച | 0.2% കാർബാറിൽ അല്ലെങ്കിൽ 0.2% മാലത്തിയോൺ ലിറ്റർ ഒന്നിന് 10 ഗ്രാം ശർക്കരയോ, പഞ്ചസാരയോ ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും രണ്ടാഴ്ച്ച ഇടവിട്ട് തളിച്ചു കൊടുക്കണം. മരുന്ന് ഇലയുടെ അടിഭാഗത്ത് വീഴത്തക്കവിധം തളിക്കണം. കൂടാതെ കേടു വന്ന കായ്കൾ നശിപ്പിക്കുകയും വേണം. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണികൾ അല്ലെങ്കിൽ തുളസി/പഴക്കെണികൾ ഉപയോഗിക്കുക. |
| | കുമിൾ രോഗങ്ങൾ | 2 ഗ്രാം ബാവിസ്റ്റിൻ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |